**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ മരണമടഞ്ഞ അംഗങ്ങളുടെ അനന്തരാവകാശികൾക്ക് നൽകുന്നതിൽ കാലതാമസമുണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മരണാന്തര ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. ആവശ്യമായ രേഖകളുടെ അപര്യാപ്തത മൂലവും നോമിനികൾ അല്ലാത്ത മറ്റൊരാൾ ആണ് അപേക്ഷകനെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് വരുന്ന കാലതാമസവുമാണ് മരണാനന്തര ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസത്തിന് ഇടയാകുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചോറ്റാനിക്കര കൃഷിഭവനിൽ 37311-ാം നമ്പരായി അംഗത്വമുള്ള ജോളി വർഗ്ഗീസ്, ഞാൽ പ്ലാക്കിൽ, കടുംഗമംഗലം എന്ന വ്യക്തിയുടെ അനന്തരാവകാശികൾ ആനുകൂല്യങ്ങൾക്കുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | ജോളിവർഗ്ഗീസ്, ഞാൽപ്ലാക്കിൽ, കുടുങ്ങമംഗലം എന്നയാളുടെ പിതാവും മാതാവും ആയിരുന്നു യഥാക്രമം ഒന്നാം നോമിനിയും രണ്ടാം നോമിനിയുമായി നോമിനേഷൻ ഫോറത്തിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഒന്നാം നോമിനിയും രണ്ടാം നോമിനിയും മരണപ്പെട്ടതിനാൽ ടിയാന്റെ സഹോദരിയായ ശ്രീമതി. ആലീസ് എൻ.വി യാണ് മരണാന്തര ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നത്. മരണാന്തര ആനുകൂല്യ ലഭിക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആണ് സമർപ്പിക്കേണ്ടത്. എന്നാൽ ശ്രീമതി ആലീസ് എൻ.വി ബന്ധുത്വ സർട്ടിഫിക്കറ്റ് ആണ് സമർപ്പിച്ചിട്ടുള്ളത്. അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം. |
| (സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടിയാളുടെ അനന്തരാവകാശികൾക്ക് ആനുകൂല്യങ്ങൾ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ